പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2904 **29-10-2026-ൽ മറുപടിയ്ക്ക്**

മണലൂർ നിയോജകമണ്ഡലത്തിലെ കടാന്തോട് പാലം പുനർനിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മണലൂർ നിയോജകമണ്ഡലത്തിലെ നൂറു വർഷത്തോളം പഴക്കമുള്ള കടാന്തോട് പാലം നിലവിൽ ശോച്യാവസ്ഥയിലായതിനാൽ ഗുരുതരമായ അപകടാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വീതി കുറഞ്ഞ പ്രസ്തുത പാലം പ്രദേശത്തെ സുഗമമായ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള പാലം പൊളിച്ചുമാറ്റി ആധുനിക നിലവാരത്തിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കടാന്തോട് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള അലൈൻമെന്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു. ആയത് ഡിസൈൻ വിഭാഗത്തിന് കൈമാറി പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മറുപടി: ഭരണാനുമതി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ